**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4850** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര വികസനത്തിന് പുതിയ നയസമീപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട സാധ്യതകളും പ്രശ്നങ്ങളും സമഗ്രമായി വിലയിരുത്തി വിനോദ സഞ്ചാര വികസനത്തിനായി പുതിയ നയസമീപനം ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തേയും, ജൈവ വൈവിധ്യങ്ങളാൽ സമ്പന്നമായ പ്രകൃതി സൗന്ദര്യത്തേയും പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദ സഞ്ചാരമേഖലയെ ശക്തിപ്പെടുത്താൻ ഉതകുന്ന ടൂറിസം നയം 2017-ൽ സർക്കാർ നടപ്പിലാക്കുകയുണ്ടായി. അതിനനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയുമാണ്. |
| (ബി) | വിനോദ സഞ്ചാര വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരളാ ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുമായി ആലോചിച്ച്, അവരുടെ അഭിപ്രായം കൂടി പരിഗണിച്ചാണ്. ഇന്ത്യയ്ക്ക് അകത്തും പുറത്തും കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിട്ട് കൂടുതൽ വിനോദസഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് വേണ്ടി പാർട്ണർഷിപ്പ്മീറ്റുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ കേരളാ ടൂറിസം പങ്കെടുക്കുന്ന ദേശീയ അന്തർദ്ദേശീയ ടൂറിസം മേളകളിലും കേരളത്തിലെ സ്വകാര്യ സംരംഭകരെ കൂടി സഹകരിപ്പിച്ച് കേരളാ പവലിയന്റെ ഭാഗമായിട്ടാണ് പങ്കെടുക്കുന്നത്. ഈ വർഷം കൊച്ചിയിൽ നടന്ന കേരളാ ട്രാവൽ മാർട്ട് പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തിയത്. 234- വിദേശ ബയർമാരും 897- ആഭ്യന്തര ബയർമാരും ഉൾപ്പെടെ 1200 - ഓളം പേർ ഈ വർഷത്തെ കേരളാ ട്രാവൽമാർട്ടിൽ പങ്കെടുത്തു. 4 കോടി രൂപയാണ് ഈ വർഷം കേരളാ ട്രാവൽ മാർട്ട് നടത്തുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകിയത്.<br><br>കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമായി കാരവനുകൾ വാങ്ങുന്നതിന് ചെലവായ തുകയുടെ |

| | | | |
|---|---|---|---|
| | | | നിശ്ചിത ശതമാനം തുക, താഴെപ്പറയുംപ്രകാരം സബ്സിഡി നൽകുന്നുണ്ട്.<br><br>ആദ്യത്തെ 100 കാരവൻ - കാരവൻ വിലയുടെ 15 ശതമാനം, പരമാവധി 7.5 ലക്ഷം രൂപ.<br><br>101 മുതൽ 200 കാരവൻ വരെ കാരവൻ വിലയുടെ 10 ശതമാനം, പരമാവധി 5 ലക്ഷം രൂപ.<br><br>201 മുതൽ 300 കാരവൻ വരെ കാരവൻ വിലയുടെ 5 ശതമാനം പരമാവധി 2.5 ലക്ഷം രൂപ.<br><br>ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്വകാര്യ നിക്ഷേപകർക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങളും പരിശീലനവും നൽകി വരുന്നു. വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി "മൈക്രോസൈറ്റ് " വെബ് സൈറ്റിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് സ്വകാര്യ സംരംഭകർ വിനോദ സഞ്ചാര മേഖലയിൽ നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹനവും സഹായ സഹകരണം നൽകുന്നതുമാണ്.<br><br>വിനോദ സഞ്ചാരവികസനത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി വിനോദസഞ്ചാരവകുപ്പിന് കീഴിലെ പൊതുമേഖലാസ്ഥാപനമായ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ), സ്വകാര്യമേഖലയിലുള്ള ഇന്ത്യൻ ഹോട്ടൽസ് കമ്പനി ലിമിറ്റഡ് (ടാറ്റ ഗ്രൂപ്പ്), ഈസ്റ്റ് ഇന്ത്യാ ഹോട്ടൽസ് ലിമിറ്റഡ് (ഓബ്റോയ് ഗ്രൂപ്പ്) എന്നിവരുമായി സംയുക്ത സംരംഭങ്ങൾ ആരംഭിച്ചി ട്ടുണ്ട്. |
| (സി) | വിനോദ സഞ്ചാര മേഖലയെ ഒരു വ്യവസായമായി അംഗീകരിച്ച് അതിൻപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ; | (സി) | ഇക്കാര്യം വിശദമായി പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും വിനോദ സഞ്ചാര സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം /അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറി സം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധനകലകൾ എന്നിവയ്ക്ക് പ്രോത്സാ ഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി |

ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും നടത്തുന്നതിനുള്ള നോഡൽ ഏജൻസി ആയിട്ട് 2017 ൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു. അതിനനുസൃതമായ പ്രവർത്തനങ്ങൾ മിഷൻ നടത്തി വരുന്നു.

പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും വിനോദ സഞ്ചാര സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി ചെയ്തു വരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.
- ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.
- ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രയോഗവൽക്കരിക്കുന്നതിനും പ്രോത്സാഹനം നൽകുക.
- വില്ലേജ് ടൂർ, റൂറൽ ടൂർ, കൾച്ചറൽ ടൂർ, ഫെസ്റ്റിവൽ ടൂർ, എക്സ്പീരിയൻഷ്യൽ ടൂർ, ഫാം/അഗ്രി ടൂർ, പൈതൃക ടൂർ, ഫുഡ്/ക്യുസിൻ ടൂർ, ആക്സസിബിൾ ടൂർ പാക്കേജുകൾ ആരംഭിക്കുകയും പ്രൊമോട്ട് ചെയ്യുകയും ചെയ്യുക
- ടൂറിസത്തിലൂടെ പ്രാദേശിക തൊഴിൽ ലഭ്യമാക്കുക
- സ്ത്രീകൾക്കായി സ്ത്രീകൾ നടത്തുന്ന പ്രത്യേക ടൂറിസം പ്രവർത്തനങ്ങളിലൂടെ കൂടുതൽ സ്ത്രീകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക
- ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, പാർശ്വവൽകൃത ജന സമൂഹത്തിന്റെ ഉന്നമനം എന്നിവ സാധ്യമാക്കുക.
- പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യ വിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുകയും തിരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ

| | | | | |
|---|---|---|---|---|
| | | | | ഗ്രീൻ സർട്ടിഫൈഡ് ആക്കി മാറ്റുകയും ചെയ്യുക.<br>• ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും തദ്ദേശീയ സമൂഹവും തമ്മിൽ ആരോഗ്യകരമായ ബന്ധവും സൗഹൃദവും വളർത്തിയെടുക്കുക<br>• ടൂറിസം വികസനത്തിൽ പ്രാദേശിക ജനവികാരത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താൽപ്പര്യത്തിനും പ്രാമുഖ്യം കൊടുക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുക.<br>• പരമ്പരാഗത തൊഴിൽ, കൃഷി, പ്രാദേശിക കലാരൂപങ്ങൾ, കലാകാരന്മാർ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, സംസ്കാരം എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തങ്ങൾ ആവിഷ്കരിക്കുക, അതിനായുള്ള പാക്കേജുകൾ തയ്യാറാക്കി പ്രചരിപ്പിക്കുക,<br>• തദ്ദേശവാസികളെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ തൊഴിൽ പരിശീലനങ്ങളും, തദ്ദേശവാസികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മറ്റു സ്റ്റേക്ക്ഹോൾഡർമാർ എന്നിവർക്കാവശ്യമായ അവബോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.<br>• പൊതുജന പങ്കാളിത്തത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുക. (DEVELOP NEW TOURISM DESTINATIONS THROUGH PARTICIPATORY TOURISM DEVELOPMENT PROJECTS)<br><br>കൂടാതെ BRDC മുഖേന ത്രിതല ജനപ്രതിനിധി സഭകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ടൂറിസം സഭകൾ സംഘടിപ്പിച്ചു. കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ യാത്ര◌ാശ്രീ പദ്ധതി ആരംഭിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ